# ഏലീയാ ശ്ലീവ മൂശ ക്കലം

## വചന വിചിന്തനം

### മൂശക്കാലം : മൂന്നാം ഞായർ

### മത്താ 8,23–34

"പട്ടണനിവാസികൾ അവനെ കണ്ടപ്പോൾ തങ്ങളുടെ അതിർത്തി വിട്ടുപോകണമെന്ന് അപേക്ഷിച്ചു (മത്താ 8,34). "
അൽഭുതങ്ങൾ വിശ്വാസത്തിലേയ്ക്ക് നയിക്കുന്നവയാണ്.
അൽഭുതങ്ങൾ അരങ്ങേറിയിട്ടും
അവിശ്വസത്തിൽ നിലയുറപ്പിച്ചിരുന്നവരാണ് ഗദറായക്കാർ.
തങ്ങളുടെ നേട്ടങ്ങൾക്ക് വേണ്ടി കർത്താവിനെപ്പോലും
പുറത്തിരുത്താൻ അവർ തയ്യാറായിരുന്നു!

തിന്മയുടെ ആവാസമുള്ളവർ വസിക്കുന്ന ഇടം ശവക്കല്ലറ! ആരും ഇഷ്ടപ്പെടാത്ത ഇടങ്ങൾ ഇഷ്ടങ്ങളായി മാറ്റപ്പെടുമ്പോൾ തിരിച്ചറിയുക, എന്റെ ജീവിതം തിന്മയിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുന്നു!

ഒരു അമ്മായിയമ്മ മൂന്ന്! മരുമക്കളുടെ സ്നേഹം പരീക്ഷിച്ചറിയാൻ തീരുമാനിച്ചു. ആദ്യം മൂത്ത മരുമകനെയും കൂട്ടി നടക്കാനിറങ്ങി. ഒരു കുളത്തിന്റെ അടുത്തെത്തിയപ്പോൾ അമ്മായിയമ്മ കുളത്തിലേക്ക് ചാടി. ഉടനെ മൂത്ത മരുമകൻ കുളത്തിലേക്ക് ചാടി അമ്മായിയമ്മയെ രക്ഷിച്ചു. പിറ്റേദിവസം ഉറക്കമുണർന്ന മരുമകൻ കണ്ടത്, "സ്നേഹപൂർവ്വം സ്വന്തം അമ്മായിയമ്മ..." എന്ന കുറിപ്പോടെ ഒരു ടൊയോട്ട കൊറോള കാർ മുറ്റത്ത് കിടക്കുന്നതാണ്.

അടുത്ത ദിവസം രണ്ടാമത്തെ മരുമകനെയും കൂട്ടി നടക്കാൻ ഇറങ്ങി. ഒരു ചെറിയ പാലത്തിന്റെ മുകളിൽ എത്തിയപ്പോൾ അവിടെ നിന്ന് തോട്ടിലേക്ക് ചാടിയ അമ്മായിയമ്മയെ ഉടനെ രാമത്തെ മരുമകൻ രക്ഷിച്ചു. പിറ്റേ ദിവസം ഉറക്കമുണർന്ന മരുമകൻ കണ്ടത്, "സ്നേഹപൂർവ്വം സ്വന്തം അമ്മായിയമ്മ..." എന്ന കുറിപ്പോടെ ഒരു ടൊയോട്ട കൊറോള കാർ മുറ്റത്ത് കിടക്കുന്നതാണ്.

അടുത്ത ദിവസം മൂന്നാമത്തെ മരുമകനെയും കൂട്ടി നടക്കാൻ ഇറങ്ങി. ഒരു പാലത്തിന്റെ മുകളിൽ എത്തിയപ്പോൾ അവിടെ നിന്ന് നദിയിലേക്ക് ചാടിയ അമ്മായിയമ്മയെ മൂന്നാമത്തെ മരുമകൻ രക്ഷിച്ചില്ല. പിറ്റേ ദിവസം ഉറക്കമുണർന്ന മൂന്നാമത്തെ മരുമകൻ കണ്ടത്, ഒരു BMW കാർ മുറ്റത്ത് കിടക്കുന്നതാണ്. അതിലൊരു കുറിപ്പ് "സ്നേഹപൂർവ്വം സ്വന്തം അമ്മായിയപ്പൻ.."

വ്യക്തിതാത്പര്യങ്ങൾക്കും സാമ്പത്തികനേട്ടങ്ങൾക്കുമായി കർത്താവിനെ പടിയിറക്കുന്ന ഗദറായക്കാരെ കുറിച്ച് വചനഭാഗം സമ്മാനിക്കുമ്പോൾ സ്നേഹം പരീക്ഷിക്കുന്ന അമ്മായിയമ്മയുടെ കഥയ്ക്ക് ഏറെ പ്രസക്തിയുണ്ട് എന്നു തോന്നുന്നു. കർത്താവിനെയും ചെകുത്താനെയും തൂക്കി നോക്കി കർത്താവിന് ചെകുത്താന്റെ അത്രയ്ക്ക് തൂക്കം ഇല്ലാ എന്നു പറയുകയാണ് ഗദറായക്കാർ. കർത്താവിന്റെ ശക്തി തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ ഗദറായക്കാർ കർത്താവിനെ പടിയിറക്കില്ലായിരുന്നു.

യേശു മറുകരെ, ഗദറായരുടെ ദേശത്തെത്തിയപ്പോൾ, ആർക്കും ആ വഴി സഞ്ചരിക്കാൻ സാധിക്കാത്തവിധം അപകടകാരികളായിരുന്ന രണ്ടു പിശാചുബാധിതർ ശവക്കല്ലറകളിൽനിന്ന് ഇറങ്ങിവന്നു. അവർ അട്ടഹസിച്ചുക്കൊണ്ട് കർത്താവിനോട് പറഞ്ഞു:

"ദൈവപുത്രാ, നീ എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു?"

കർത്താവ് നിശബ്ദനായി അവരെ കേട്ടു. അവന്റെ നിശബ്ദതയുടെ അർത്ഥം മനസിലാക്കിയ പിശാചുക്കൾ അവനോട് അപേക്ഷിച്ചു:

"നീ ഞങ്ങളെ പുറത്താക്കുന്നെങ്കിൽ ആ പന്നിക്കൂട്ടത്തിലേയ്ക്ക് അയക്കണമേ!"

ക്രിസ്തു പറഞ്ഞു: "പൊയ്ക്കൊള്ളുവിൻ."

അവ പുറത്തുവന്നു പന്നികളിൽ പ്രവേശിച്ചു. പന്നിക്കൂട്ടം മുഴുവൻ കിഴുക്കാംതൂക്കായ നിരത്തിലൂടെ പാഞ്ഞുചെന്ന് കടലിൽ മുങ്ങിച്ചത്തു. പന്നിമേയ്ക്കുന്നവർ ഭയപ്പെട്ടോടി, പട്ടണത്തിലെത്തി, എല്ലാകാര്യങ്ങളും, പിശാചുബാധിതർക്കു സംഭവിച്ചതും അറിയിച്ചു. അപ്പോൾ, പട്ടണം മുഴുവൻ യേശുവിനെ കാണാൻ പുറപ്പെട്ടുവന്നു. അവർ അവനെ കണ്ടപ്പോൾ തങ്ങളുടെ അതിർത്തി വിട്ടുപോകണമെന്ന് അപേക്ഷിച്ചു. ഗദറായക്കാർ കർത്താവിനോട് തങ്ങളുടെ ദേശം വിട്ടുപോകണമെന്ന് അപേക്ഷിക്കുന്നു ണ്ടെങ്കിൽ അതിന് ഒറ്റ കാരണം മാത്രമെയൊള്ളു. ഇനിയും അവൻ ഇത്തരം അൽഭുതങ്ങൾ പ്രവർത്തിച്ചാൽ തങ്ങളുടെ നാട്ടിൽ ഭീമമായിട്ടുള്ള നഷ്ട ങ്ങൾ സംഭവിക്കാൻ സാധ്യതയുണ്ട്. തങ്ങൾക്ക് നഷ്ടം വരുത്തിയിട്ടുള്ള അൽഭുതങ്ങളൊന്നും അവൻ പ്രവർത്തിക്കേണ്ട. ചുരുക്കത്തിൽ, തുഛമായ സാമ്പത്തിക ലാഭത്തിനും വ്യക്തി താത്പര്യങ്ങൾക്കും വേണ്ടി ഗദറായക്കാർ കർത്താവിനെ പടിയിറക്കി പിണ്ടം വയ്ക്കുന്നു!

**തിന്മയുടെ ആവാസമുളളവർ ശവക്കല്ലറകളിലാണ് വസ്സിക്കുന്നത്. അവർ അപകടകാരികളാണ്. അപകടങ്ങൾ വിത യ്ക്കുന്നവരും കൊയ്യുന്നവരുമാണെ ങ്കിൽ തിരിച്ചറിയുക തിന്മയുടെ ആവസ്തിൻമേലിലാണ് ജീവിതം!**

നമ്മുടെയൊക്കെ വിശ്വാസത്തിന്റെ ആഴം ചിന്തിക്കാനും മാറ്റു രയ്ക്കാനുമുള്ള വിചിന്തനമാണ് ഗദറായരുടെ നാട്ടിൽ പിശാചിനെ ബഹിഷ്ക്കരിക്കുന്ന ക്രിസ്തുവിനെ കുറിച്ചുള്ള വചനഭാഗം. മനുഷ്യരിൽ നിന്ന് പിശാചുക്കളെ ബഹിഷ്ക്കരിക്കുന്ന കർത്താവ് ഗദറായരുടെ നാട്ടിൽ ചെയ്യുന്നത് ഒരു വ്യക്തിക്ക് ചെയ്യാൻ സാധിക്കുന്ന അൽഭുതങ്ങളിൽ വലുത് തന്നെയാണ്. എന്നിട്ടും, ഗദറായർക്ക് വിശ്വാസത്തിലേയ്ക്ക് കടന്ന് വരാൻ സാധിക്കുന്നില്ല. പകരം, ക്രിസ്തുവിനെ തങ്ങളുടെ സമൂഹത്തിൽ നിന്ന് പുറത്താക്കാനാണ് അവർ പരിശ്രമിക്കുന്നത്. അനുദിന ജീവിതത്തി ലേയ്ക്ക് കണ്ണോടിക്കുക, അളവില്ലാത്ത വിധം അനുഗ്രഹങ്ങൾ സമ്മാ നിച്ചിട്ടും അനുഗ്രഹദായകനെ തിരിച്ചറിയാൻ നമ്മുക്ക് സാധിച്ചിട്ടുണ്ടോ? അവനെ കൂടെ ഇരുത്താനാണോ, അതോ പുറത്താക്കാനാണോ നമ്മുടെ യൊക്കെ താത്പര്യം?

ഒരിക്കൽ നടക്കാനിറങ്ങിയ ഒരു ധനികൻ വഴിയോരത്ത് ഇരിക്കുന്ന ഒരു ഭിക്ഷക്കാരനെ കണ്ടപ്പോൾ അയ്യാളോട് ചോദിച്ചു, എങ്ങിനെയാണ് ഈ അവസ്ഥയിൽ എത്തിയതെന്ന്. ഭിക്ഷക്കാരൻ പറഞ്ഞു

"സാർ, ഏകദേശം ഒരു വർഷമായ് എനിക്കൊരു ജോലിയുമില്ല, നിങ്ങളെ കാണാൻ ഒരു ധനികനെ പോലുണ്ട്. നിങ്ങൾ എനിക്കൊരു ജോലി തരികയാണെങ്കിൽ എന്റെ ഈ ദുരവസ്ഥ മാറും."

ധനികൻ പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു, "ശരി, ഞാൻ നിന്നെ സഹായിക്കാം പക്ഷെ, ജോലി തന്നല്ല. മറിച്ച്, ഒരല്പം കുടി നല്ല വിധത്തിൽ... നിനക്ക് സമ്മതം ആണെങ്കിൽ ഞാൻ നിന്നെ എന്റെ കച്ചവടത്തിൽ പങ്കാളിയാക്കാൻ ഉദ്ദേശിക്കുന്നു. നമുക്ക് രണ്ടുപേർക്കും ചേർന്ന് ഒരു കച്ചവടം തുടങ്ങാം."

ഭിക്ഷക്കാരനു ഒന്നും മനസ്സിലായില്ല. 'സാർ, എന്താണ് ഉദ്ദേശിച്ചത്? "എനിക്കൊരു വലിയ നെൽപാടം ഉണ്ട്. അതിലെ അരി നീ വിപണിയിൽ കൊണ്ട് പോയി വിൽക്കണം. വില്പനയ്ക്ക് വരുന്ന എല്ലാ ചിലവുകളും ഞാൻ വഹിക്കും, നീ ചെയേത് ഇത്രമാത്രം, അരി വിൽക്കുക. അതിനു ശേഷം ഓരോ മാസവും ലാഭത്തിലെ എന്റെ വിഹിതം എനിക്ക് തരിക."

**അൽഭുതം നേരിട്ട് കണ്ടവരുടെ സാക്ഷ്യം ഗദറായർക്ക് എതിർസാക്ഷ്യത്തിന് കാരണമായി. നിന്റെ സാക്ഷ്യം മറ്റുള്ളവരെ കർത്താവിലേയ്ക്ക് അടുപ്പിക്കുന്നതോ അതോ അകറ്റുന്നതോ?**

ഭിക്ഷക്കാരന്റെ കണ്ണ് നിറഞ്ഞു. അയാൾ പറഞ്ഞു "നന്ദി സാർ, നന്ദി, തീർച്ചയായും എന്റെ പ്രാർത്ഥനകൾക്ക് കിട്ടിയ ഉത്തരമാണ് നിങ്ങൾ." ഒരു ചെറിയ വിരാമത്തിനു ശേഷം അയാൾ ചോദിച്ചു, "സാർ, ലാഭം എങ്ങിനെ ആയിരിക്കും വീതിക്കുക? എനിക്ക് 20 ശതമാനവും നിങ്ങൾക്ക് 80 ശതമാനവും. അല്ലെങ്കിൽ, ഞാൻ 15 ശതമാനം വെച്ച് നിങ്ങൾക്ക് 85 ശതമാനം തരികയോ?"

ധനികൻ വിസമ്മത ഭാവത്തിൽ തലയാട്ടീട്ടു പറഞ്ഞു, "നീ എനിക്ക് 10% തരണം ബാക്കി 90% വും നിനക്ക് വെക്കാം."

അയാൾക്ക് അയാളുടെ കാതുകളെ വിശ്വസിക്കാനായില്ല. അൽപ സമയത്തേക്ക് അയാൾക്കൊന്നും സംസാരിക്കാൻ കഴിഞ്ഞില്ല. സ്വപ്ന തുല്ല്യമായൊരു വാഗ്ദാനം ആയിരുന്നു അത്. ധനികൻ ചിരിച്ചുകൊണ്ട് പറഞ്ഞു, "സഹോദരാ, എനിക്കത്രയും മതി കാരണം എന്റെ കൈവശം നിനക്ക് ഊഹിക്കാൻ കഴിയുന്നതിൽ കൂടുതൽ സമ്പത്ത് ഉണ്ട്. നീ എനിക്ക് 10% മാത്രം തരണം അങ്ങനെ നീ അഭിവൃദ്ധിപ്പെടുക." ഭിക്ഷക്കാരൻ അയാളുടെ മുന്നിൽ മുട്ടുമടക്കി നിന്നു പോയി. "ഞാൻ നിങ്ങൾ പറഞ്ഞത് പോലെ ചെയ്യാം. നിങ്ങൾ ചെയ്യുന്ന ഈ ഉപകാരത്തിനു ഞാൻ എന്നെന്നും കടപ്പെട്ടവനായിരിക്കും."

പഴയ ഭിക്ഷക്കാരൻ അങ്ങാടിയിൽ അരിക്കട തുടങ്ങി. അയാൾ നല്ല വസ്ത്രങ്ങൾ ധരിക്കാൻ തുടങ്ങി. അയാൾ നന്നായ് അധ്വാനിച്ചു. നേരം പുലരും മുമ്പേ എഴുന്നേൽക്കും, രാത്രി വളരെ വൈകി ഉറങ്ങും. അരിക്കട നല്ല നിലയിൽ മുന്നോട്ടു പോയി. പക്ഷെ. പ്രധാന കാരണം അരിയുടെ ഗുണ മേന്മ തന്നെ ആയിരുന്നു. അമ്പരപ്പിക്കുന്ന ലാഭമായിരുന്നു 30 ദിവസത്തിന് ശേഷം ലഭിച്ചത്. അയാൾ പൈസ എണ്ണി തിട്ടപ്പെടുത്താൻ തുടങ്ങി. പണം കയ്യിൽ വരുമ്പോഴുള്ള അനുഭൂതി അയാൾ ശരിക്കും അസ്വദിക്കാൻ തുടങ്ങി. അതോടൊപ്പം അയാളുടെ മനസ്സില് ഒരു ചിന്തയും ഉടലെടുത്തു. ഹാ! ഞാൻ എന്തിനു 10% എന്റെ പങ്കാളിക്ക് കൊടുക്കണം? ഈ ഒരു മാസമത്രയും ഞാൻ അയാളെ കണ്ടില്ല! രാവും പകലും കഷ്ട്ടപ്പെട്ട് ഞാനാണ് ഈ കച്ചവടം ഇത്രയും നല്ല നിലയിൽ എത്തിച്ചത്. ലാഭം മുഴുവനും എനിക്ക് മാത്രം അവകാശപ്പെട്ടതാണ്.

ധനികൻ അയാളുടെ 10% ലാഭവിഹിതം വങ്ങിക്കാനായ് വന്നു. പഴയ ഭിക്ഷക്കാരൻ പറഞ്ഞു "നിനക്ക് 10% ലാഭവീതത്തിന് ഒരു അർഹതയുമില്ല. ഇത് എന്റെ കഠിന പ്രയത്നത്തിന്റെ ഫലമാണ്. അതുകൊണ്ട് ലാഭം മുഴുവനും എനിക്ക് മാത്രം അവകാശപെട്ടതാണ്."

നമ്മളിൽ ചിലരെങ്കിലും ആ പഴയ ഭിക്ഷക്കാരനെപ്പോലെ ആണ്. നമ്മുടെ ജീവിതവും നാം ശ്വസിക്കുന്ന ഓരോ ശ്വാസവുംദൈവം തന്നതാണ്. പണം സമ്പാതിക്കാനുള്ള നമ്മുടെ കഴിവുകളും, സംസാര പാടവവും, നിർമാണ നൈപുണ്യവും ദൈവം തന്നതാകുന്നു. നമ്മുടെ ശരീരവും, കണ്ണുകളും, ചെവികളും, വായും, കൈകളും, കാലും, ഹൃദയവും എല്ലാം ദൈവത്തിൻ സൃഷ്ടി ആകുന്നു. എന്നിട്ടും, അനുഗ്രഹങ്ങൾ സമ്മാനിക്കുന്ന അനുഗ്രഹദാതാവിനെ പടിയിറക്കി പിണ്ടം വച്ചുകൊണ്ട് തന്നെയല്ലേ പലപ്പോഴും നമ്മുടെ ജീവിതത്തെ മുന്നോട് നയിക്കുന്നത്. തിരിച്ചറിയുക, സ്വർത്ഥ ലാഭങ്ങൾക്ക് വേണ്ടി കർത്താവിനെ അകറ്റി നിർത്തുമ്പോൾ ഞാനും ഗദറായക്കാരും തമ്മിൽ വലിയ അന്തരമൊന്നുമില്ല!

"സ്തുതികൾ ആലപിച്ചുകൊണ്ട് അവിടുത്തെ അങ്കണത്തിൽ പ്രവേശിക്കുവിൻ. അവിടുത്തേക്കു നന്ദിപറയുവിൻ!"

സങ്കീ 100,4

**ഫാ. ജോബി മേനോത്ത്**
**+91 944 7777 931**